**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 404** **14-03-2023 - ൽ മറുപടിയ്ക്ക്**

**വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ഡോ. കെ. ടി. ജലീൽ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം സുതാര്യവും കാര്യക്ഷമമാക്കുന്നതിനായി വില്ലേജ് തല ജനകീയ സമിതികൾ എത്രത്തോളം സഹായകരമാണ്; വിശദമാക്കാമോ; | (എ) | ഭൂസംരക്ഷണ കാര്യത്തിലും ജനക്ഷേമ പ്രവർത്തനങ്ങളിലും ജനകീയ പങ്കാളിത്തം ഉറപ്പ വരുത്തിക്കൊണ്ടും, പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് കൊണ്ടും, പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമമാക്കുന്നതിനും സഹായകരമായി വില്ലേജ് തല ജനകീയ സമിതികൾ പ്രവർത്തിച്ച വരുന്നു. |
| (ബി) | ജില്ലാ, താലൂക്ക് തല വികസന സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് ഇവ എത്രത്തോളം ഫലപ്രദമാണ്; വിശദമാക്കാമോ? | (ബി) | പൊതു ജനങ്ങളുടെ ആവശ്യങ്ങളും, പരാതികളും യഥാ സമയം പരിശോധിച്ച അവയ്ക്ക പരിഹാരം കാണുന്നതിനും, ഭരണ നേട്ടങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കുന്നതിനും, ലക്ഷ്യമിട്ട കൊണ്ടാണ് സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലെയും താലൂക്ക് സഭകളെ താലൂക്ക് വികസന സമിതികളായി പുനഃസംഘടിപ്പിച്ചിട്ടുള്ളത്.<br><br>ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലാണ് ജില്ലാ വികസന സമിതികൾ മാസത്തിലൊരിക്കൽ ചേരുന്നത്. ഗവണ്മെന്റിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനം, വകുപ്പുകളിൽ കാലതാമസമുണ്ടാകുന്ന പ്രശനങ്ങൾ, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളുടെ ഏകോപനം, പൊതുജന പരാതികളുടെ പരിഹാരം, പുതിയ പദ്ധതികളുടെ രൂപം നൽകൽ എന്നിവയാണ് ജില്ലാ, താലൂക്ക് വികസന സമിതികളുടെ പ്രധാന ചുമതലകൾ.<br><br>റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട നിരവധി പരാതികൾ ജില്ലാ താലൂക്ക് സഭകൾ മുഖേന |

| | | | |
|---|---|---|---|
| | | | പരിഹരിക്കപ്പെടുന്നുണ്ട് എന്നതിനാൽ ഇത് വളരെയധികം ഫലപ്രദമാണ്. |

സെക്ഷൻ ഓഫീസർ